# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3061

22-06-2012 ൽ മറുപടിയ്ക്ക്

## കൃഷിമേഖലയിലെ മണ്ണൊലിപ്പ് തടയുന്നത് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.നാരായണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൃഷിയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ കൃഷിയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിനായി വിവിധ മണ്ണു ജല സംരക്ഷണ പദ്ധതികൾ നീർത്തടാടിസ്ഥാനത്തിൽ മണ്ണു പര്യവേഷണ-മണ്ണുസംരക്ഷണ വകുപ്പു വഴി നടപ്പിലാക്കി വരുന്നു. കൃഷിയിടങ്ങളിൽ കയ്യാല നിർമ്മാണം, മഴക്കുഴികൾ, ട്രെഞ്ചുകൾ, മൺബണ്ടുകൾ, പുല്ല് വച്ച് പിടിപ്പിക്കൽ, ടെറസ്സുകളുടെ നിർമ്മാണം എന്നിവ വഴി ചരിവുള്ള പ്രദേശങ്ങളിൽ നിന്നുമുള്ള ജലത്തിന്റെ വേഗത കുറയ്ക്കുവാനും, മണ്ണൊലിപ്പ് തടയുവാനുമുള്ള പ്രവർത്തനങ്ങളും നീർച്ചാലുകളുടെ സംരക്ഷണത്തിനായി വിവിധ തരങ്ങളിലുള്ള തടയണകളുടെ നിർമ്മാണം, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, കാർഷിക ജലസേചനത്തിനും, ജനങ്ങളുടെ ദൈനംദിന ഉപയോഗത്തിനുമായി ജല സംഭരണികളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.<br>നബാർഡ് സാമ്പത്തിക സഹായത്തോടുള്ള വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള മണ്ണു-ജല സംരക്ഷണ പദ്ധതി |

(ആർ.ഐ.ഡി.എഫ്), ജലസംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണത്തിനായുള്ള മണ്ണുജല സംരക്ഷണ പദ്ധതി, മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ ചെക്ക് ഡാം പദ്ധതി, കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്, മേൽകുട്ടനാട്, ഓണാട്ടുകര പ്രദേശങ്ങളുടെ പാരിസ്ഥിതിക പുനരുജ്ജീവനത്തിനായി കുളങ്ങളുടെ പുനരുദ്ധാരണം, കിണറുകളുടെ പുനരുദ്ധാരണം, രാമച്ചം നടീൽ തുടങ്ങിയ പ്രവർത്തനങ്ങളും ഇതു കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ നീർമറി വികസന പദ്ധതി (എൻ.ഡബ്ല്യു.ഡി.പി.ആർ.എ), കബനീനദീതട മണ്ണുജല സംരക്ഷണ പദ്ധതി (ആർ.വി.പി) എന്നിവയും നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) | ഇതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികളിലായി 2272.88 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3062 — 22.06.2012-ൽ മറുപടിയ്ക്ക്

### കൊടുമൺ എസ്റ്റേറ്റിലെ മാരകമായ കീടനാശിനി പ്രയോഗം

ചോദ്യം

ശ്രീ.ചിറ്റയം ഗോപകുമാർ:

മറുപടി

ശ്രീ.കെ.പി.മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കൊടുമൺ എസ്റ്റേറ്റിലെ കളപിഴുതുകളയുന്നതിനുള്ള തൊഴിലാളികൾക്ക് മതിയായ വേതനം നൽകാത്തതിനാൽ അവർ പണി ഉപേക്ഷിച്ചു പോയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) എങ്കിൽ അനുബന്ധ വിഷയത്തിൽ മതിയായ അന്വേഷണത്തിനും നടപടിക്കും തയ്യാറാകുമോ; | ബി) ബാധകമല്ല. |
| സി) നിലവിൽ കൊടുമൺ എസ്റ്റേറ്റിൽ കള നശിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന മാരകമായ കളനാശിനി പ്രയോഗം സമീപവാസികൾക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നതിൻമേൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | സി) സർക്കാർ അനുവദിച്ചിട്ടുള്ള കളനാശിനി വളരെ അപൂർവ്വമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ആയതിനാൽ എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ജനവാസകേന്ദ്രങ്ങളിൽ ഉപയോഗിക്കുവാൻ പാടില്ലാത്ത മാരക വിഷലിപ്തമായ കീടനാശിനി പ്രയോഗം കൊടുമൺ എസ്റ്റേറ്റിൽ നടത്തുന്നതിനെതിരെ നാളിതുവരെ സ്വീകരിച്ച നിയമനടപടികളുടെ വിശദാംശം നൽകുമോ? | ഡി) യാതൊരുവിധ കീടനാശിനിയും കൊടുമൺ എസ്റ്റേറ്റിൽ ഉപയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ